**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**

**16 - 11 - 2020**

**കേരള പാഠാവലി- X**

**പ്രിയദർശനം - 01**

♥ കൊറോണക്കാലത്ത് ലഭിച്ച കൂടുതൽ ഒഴിവു സമയത്തെ ഫലപ്രദമായി ഉപയോഗിക്കാൻ ഉണർത്തി.

♥ വിശ്വരൂപം എന്ന കഥ ഓർമ്മപ്പെടുത്തുകയും കഥ സംക്ഷിപ്തമായി അവതരിപ്പിക്കുകയും ചെയ്തു.

♥ വിശ്വരൂപം എന്ന കഥ നൽകുന്ന തിരിച്ചറിവുകൾ വ്യക്തമാക്കി.

▪ സ്നേഹം കൊടുത്താലേ തിരികെ ലഭിക്കൂ.
▪ കുഞ്ഞുങ്ങളെ ഉപാധികളില്ലാതെ സ്നേഹിക്കണം.

♥ ജീവിത യാത്രയിലെ ഒരു വേർപാടിന്റെയും കൂടിച്ചേരലിന്റെയും കഥയാണ് വിശ്വരൂപം എന്ന പരാമർശത്തോടെ 'പ്രിയദർശനം' എന്ന പാഠഭാഗത്തേക്ക് കടന്നു.

▪ കുമാരനാശാന്റെ 'നളിനി' അഥവാ 'ഒരു സ്നേഹം' കൃതിയിൽ നിന്നും എടുത്ത ഭാഗം.
[ശ്ലോകം - 57 മുതൽ 68 വരെ ]

♥ 'പ്രിയദർശനം' എന്ന പദത്തിന്റെ അർത്ഥ സാധ്യതകൾ ചർച്ച ചെയ്തു.

▪പ്രിയമുള്ള ദർശനം, പ്രിയപ്പെട്ട ദർശനം, പ്രിയമുള്ളതായ ദർശനം ................

▪ ദർശനം എന്ന പദത്തെ വിശകലനം ചെയ്തു.

കാഴ്ചപ്പാട്, ചിന്ത .........

♥ ആശാനിലെ സ്നേഹ ഗായകനെ പരിചയപ്പെടുത്താൻ 'നളിനി'യിലെ 136 ആമത്തെ ശ്ലോകം അവതരിപ്പിച്ചു.

▪ സ്നേഹമാണഖില,സാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം.

♥ വീണപൂവും നളിനിയുമൊക്കെ എഴുതിയത് ആരാണ് ?എന്ന ചോദ്യത്തിലൂടെ കുമാരനാശാനെ കൂടുതൽ പരിചയപ്പെടുത്തി.

▪ ആശാൻ കവിതകളിലെ സ്വാതന്ത്ര്യദാഹം, അയിത്തത്തിനും അനീതിക്കുമെതിരെയുള്ള പോരാട്ടം എന്നിവ സൂചിപ്പിക്കാൻ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി.

▪ ജാതിവൈകൃത ധ്വംസനമാണ് നടപ്പിലാക്കേണ്ടതെന്നും അത് മനുഷ്യസാഹോദര്യത്തിലേക്കുള്ള ഒന്നാമത്തെ കാൽവെപ്പാണെന്നും ആശാൻ കരുതിയിരുന്നു. ജാതിക്കും അയിത്തത്തിനും അനീതിക്കുമെതിരെയുള്ള പ്രതികരണങ്ങൾ ആശാൻ കവിതകളിൽ വളരെ ശക്തിമത്തായി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

▪ സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം.

▪ പ്രിയ രാഘവ , വന്ദനം ഭവാനുയരുന്ന -
ഭുജ ശാഖവിട്ടു ഞാൻ
ഭയമറ്റു പറന്നു പോയിടാം സ്വയ -
മിദ്യോവിലൊരാശ്രയം വിനാ .

(ചിന്താവിഷ്ടയായ സീത )

♥ ആശാന്റെ സ്നേഹ സങ്കൽപത്തിൽ നിന്നും പിറവി കൊണ്ട സ്ത്രീ കഥാപാത്രങ്ങൾക്ക് ഉദാഹരണമായി
▪ മാതംഗി - ചണ്ഡാലഭിക്ഷുകി
▪ സാവിത്രി - ദുരവസ്ഥ
▪ വാസവദത്ത - കരുണ
എന്നിവരെ പരിചയപ്പെടുത്തി.

♥ ആശാന്റെ ശ്രേഷ്ഠമായ സ്നേഹ സങ്കൽപങ്ങൾ അവതരിപ്പിക്കപ്പെട്ട കൃതിയാണ് നളിനി എന്ന മുഖവുരയോടെ, പാഠ സന്ദർഭം വരെയുള്ള നളിനിയിലെ കഥാഭാഗം നാടകീയമായി അവതരിപ്പിച്ചു.

▪ കളിക്കൂട്ടുകാരായിരുന്ന നളിനിയും ദിവാകരനും
▪ യൗവനാരംഭത്തിൽ സന്യാസിയാകാൻ നാടുവിടുന്ന ദിവാകരൻ
▪ അച്ഛൻ തനിക്ക് നടത്തിയ വിവാഹാലോചനയെ തുടർന്ന് ആത്മഹത്യയ്ക്ക് ശ്രമിക്കുന്ന നളിനി.
▪ പൊയ്കയിൽ നിന്നും തന്നെ രക്ഷിച്ച യോഗിനിയോടൊപ്പം, അവരുടെ ആശ്രമത്തിൽ നളിനി താപസിയായി കഴിയുന്നു.
▪ നളിനിയുടെ ഗാനത്തെ പിന്തുടർന്നു വന്ന ദിവാകരയോഗിയും നളിനിയും പൊയ്കയുടെ കരയിൽ കണ്ടുമുട്ടുന്നു.

♥ ദിവാകരനെ കണ്ടു മുട്ടിയപ്പോൾ നളിനി അയാളെ തിരിച്ചറിയുന്ന ഭാഗം ഉൾക്കൊള്ളുന്ന ശ്ലോകം പാടിക്കേൾപ്പിച്ചു.

ദൂരെ നിന്ന യമിതന്നെയാശു ക -
ണ്ടാരതെന്നുമുടനെയറിഞ്ഞവൾ .
പാരമിഷ്ടജന രൂപമോരുവാൻ
നാരിമാർക്കു നയനം സുസൂക്ഷ്മം .
- ശ്ലോകം 45-

[ഇഷ്ടമുള്ള ആളുകളെ കണ്ടാൽ തിരിച്ചറിയുന്നതിന് സ്ത്രീകൾക്ക് സവിശേഷമായ കഴിവുണ്ട് എന്ന് സാരം ]

ചേർത്തു പറയാവുന്ന വരികൾ:

- മനസ്വിമാർ മനമൊഴിവത ശക്യമൊരാളിലൂന്നിയാൽ

- ലീല -

♥ പാഠഭാഗം - ശ്ലോകം 62 വരെ ചൊല്ലിക്കേൾപ്പിച്ചു.

[ കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
..................................................
ന്നോരു വാക്കരുളിനാൻ കനിഞ്ഞവൻ ]

തുടർ പ്രവർത്തനങ്ങൾ :

1. പാഠഭാഗം ഭാവാത്മകമായി ചൊല്ലിയതരിപ്പിച്ച് ക്ലാസ് ഗ്രൂപ്പിൽ പങ്കുവെക്കുക.

2. പ്രിയദർശനം എന്ന പാഠഭാഗത്തിന്റെ ആശയം ഗദ്യരൂപത്തിൽ ചുരുക്കി എഴുതുക ?